പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 1965 — 22/01/2014 ൽ മറുപടിയ്ക്ക്

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും തുടർചികിത്സാസഹായം ലഭ്യമാക്കുന്നതിനു നടപടി**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. രാജു | | ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ചികിത്സാസഹായം ലഭിച്ച രോഗിക്ക് അടിയന്തിരഘട്ടത്തിൽ തുടർചികിത്സയ്ക്ക് വീണ്ടും ധനസഹായം നൽകുന്നതിനുള്ള വ്യവസ്ഥ നിലവിലുണ്ടോ;<br>(ബി) എങ്കിൽ, ആദ്യസഹായം ലഭിച്ച് എത്ര കാലയളവിനുശേഷമാണ് അപേക്ഷ സമർപ്പിക്കേണ്ടതെന്നു വ്യക്തമാക്കുമോ; | (എ) & (ബി) | ഉണ്ട്. കാൻസർ, ഹൃദയ സംബന്ധമായ രോഗം, കിഡ്നി, ന്യൂറോ സംബന്ധമായ രോഗം, എയ്ഡ്സ്, ഹീമോഫീലിയ എന്നീ ഗുരുതര രോഗങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ഒരിക്കൽ ധനസഹായം ലഭ്യമായാൽ വീണ്ടും 2 വർഷം കഴിഞ്ഞ് ധനസഹായത്തിനായി അപേക്ഷിക്കാവുന്നതാണ്. |
| (സി) ഒരിക്കൽ ചികിത്സാധനസഹായം ലഭിച്ച വ്യക്തിക്ക് മറ്റു രോഗങ്ങളുടെ ചികിത്സയ്ക്കായി വീണ്ടും ധനസഹായം അനുവദിക്കുമോ; ഇത്തരം സാഹചര്യങ്ങളിൽ മാനുഷികപരിഗണനവെച്ച് കാലയളവ് ഇളവു ചെയ്യുന്നതിനു നടപടികൾ സ്വീകരിക്കുമോ? | (സി) | അനുവദിക്കും |

സെക്ഷൻ ഓഫീസർ.